പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം

[Resume Under Rule 239 (3) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**പതിനൊന്നാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് 'അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ', 'ഐ.ടി.ഐ.കളുടെ നവീകരണം', 'സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയ ചർച്ച സംബന്ധിച്ച്**

2015 ജൂൺ 29-ാം തീയതി സമർപ്പിച്ചത്

(Presented on 29th June, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം

[Resume under Rule 239 (3) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**പതിനൊന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് 'അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ', 'ഐ.ടി.ഐ.കളുടെ നവീകരണം', 'സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയ ചർച്ച സംബന്ധിച്ച്**

575/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| സംക്ഷേപം | .. | 1 |
| അനുബന്ധം 1-3 | .. | 6-10 |

# വിഷയനിർണ്ണയ സമിതി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2014-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. കെ. ബാലൻ, എം. എൽ. എ.
,, എം. ചന്ദ്രൻ, ,,
,, പി. കെ. ഗുരുദാസൻ, ,,
,, എം. ഹംസ, ,,
,, പി. എ. മാധവൻ, ,,
,, എൻ. എ. നെല്ലിക്കുന്ന്, ,,
,, എ. കെ. ശശീന്ദ്രൻ, ,,
,, കെ. ശിവദാസൻ നായർ, ,,
,, എം. എ. വാഹിദ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ പരിധിയിൽ വരുന്ന, പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിഷയങ്ങളിന്മേലുള്ള ചർച്ചയെ സംബന്ധിക്കുന്ന സംക്ഷേപം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239 (3) പ്രകാരം സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണം സംബന്ധിച്ച ചട്ടങ്ങളിലെ 235-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം (v) പ്രകാരം പതിനൊന്നാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് 'അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ', 'ഐ.ടി.ഐ.കളുടെ നവീകരണം', 'സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നീ വിഷയങ്ങളെ സംബന്ധിച്ച് സമിതിയുടെ 26-12-2012-ലെ ചർച്ചയുടെ അടിസ്ഥാനത്തിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിലുള്ള സംക്ഷേപം 2015 മേയ് 19-ാം തീയതി ചേർന്ന സമിതി യോഗത്തിൽ അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2015 മേയ് 19.

# സംക്ഷേപം

## കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 235-ാം ചട്ടത്തിലെ (1)-ാം ഉപചട്ടം (V) പ്രകാരം സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതികളെക്കുറിച്ചും അവയുടെ നടത്തിപ്പിനെക്കുറിച്ചും പൊതുവായി ചർച്ച ചെയ്യുകയും അഭിപ്രായം രൂപീകരിക്കുകയും ചെയ്യാവുന്നതാണ്. പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് 'അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ', 'ഐ.ടി.ഐ.കളുടെ നവീകരണം', 'സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി' എന്നീ വിഷയങ്ങളെ സംബന്ധിച്ച് 26-12-2012-ലെ സമിതി തീരുമാനങ്ങളിന്മേൽ ഊർജ്ജം, തൊഴിലും പുനരധിവാസവും വകുപ്പുകൾ ലഭ്യമാക്കിയ മറുപടി സമിതിയുടെ 11-2-2014-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. മേൽ പരാമർശിച്ച ചർച്ചകളുടെ സംക്ഷേപമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

## അനെർട്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

**ഊർജ്ജ വിഭവ വിശകലനം**

2. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാദ്ധ്യതാപഠനം സംബന്ധിച്ച ചർച്ചയിൽ കേരളത്തിൽ 867 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ടെന്നും ഇവയുടെ കാര്യങ്ങൾ ഐ.പി.പി.യും സി.പി.പി.യുമാണ് ചെയ്യുന്നതെങ്കിലും കെ.എസ്.ഇ.ബി. മുഖേനയാണ് അവ നടപ്പിലാക്കുന്നതെന്നും സമിതി മനസ്സിലാക്കി.

**ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണം**

3. പതിനെട്ടുകോടി രൂപയുടെ ഊർജ്ജ സംരക്ഷണ ഉപകരണങ്ങൾ (മെച്ചപ്പെട്ട വിറകടുപ്പുകൾ, താപഭരണികൾ, സി.എഫ്.എൽ.) വാങ്ങിയതായും അവ 2013 മാർച്ചിനു മുമ്പ് തന്നെ വിതരണം ചെയ്യുന്നതാണെന്നും സമിതി വ്യക്തമാക്കി.

**വികേന്ദ്രീകൃത ഊർജ്ജോത്പാദന പരിപാടികൾ**

4. അനെർട്ടിന്റെ കീഴിൽ 14 ജില്ലകളിലും 14 മുനിസിപ്പാലിറ്റികളിലും സോളാർ കുക്കറുകളും സോളാർ വാട്ടർ ഹീറ്ററുകളും വിതരണം ചെയ്യുന്ന നടപടി 2013 മാർച്ചിനു മുമ്പ് തുടങ്ങുമെന്നും സമിതി വിശദമാക്കി.

**വിദൂര ഗ്രാമ വൈദ്യുതീകരണ പദ്ധതി**

5. കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ ധനസഹായത്തോടുകൂടി വിദൂര ഗ്രാമ വൈദ്യുതീകരണ പദ്ധതിയിൻകീഴിൽ കേരളത്തിലെ അഞ്ച് ജില്ലകളിലെ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലും, പൊതു വിഭാഗത്തിലുമായി 4204 സോളാർ ഹോം ലൈറ്റിംഗ് യൂണിറ്റുകൾ സ്ഥാപിച്ചു നൽകുകയുണ്ടായതായി സമിതി മനസ്സിലാക്കി.

**സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതികൾ**

6. തിരുവനന്തപുരത്ത് പി.എം.ജി.ക്ക് സമീപം സർക്കാർ നൽകിയിട്ടുള്ള 45 സെന്റ് സ്ഥലത്ത് ഊർജ്ജ സംരക്ഷണ രംഗത്തെ പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഒരു മാതൃക എന്ന നിലയിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന അനെർട്ടിന്റെ ആസ്ഥാന മന്ദിരത്തിന്റെ പണി പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമായി.

**അനെർട്ടിന്റെ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ**

7. 2011-12-ൽ അനെർട്ട് ആരംഭിച്ച സൂര്യജ്യോതി പദ്ധതിയിൻകീഴിൽ കേരളത്തിലെ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ 1400 സൗരോർജ്ജ വഴിവിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളതായും സമിതിയിൽ വ്യക്തമാക്കി. 2011-12-ൽ കേരളത്തിൽ അനെർട്ട് 3050 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചു നൽകിയതായും സൂര്യതാപം പ്രയോജനപ്പെടുത്തി 157200 എൽ.പി.ഡി. ശേഷിയുള്ള ഗാർഹിക സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചു നൽകിയതായും മനസ്സിലാക്കാൻ കഴിഞ്ഞു. കേരളത്തിൽ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി വിന്റ് മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് ശാസ്ത്രീയമായി കാറ്റിന്റെ ലഭ്യതയെക്കുറിച്ചുള്ള പഠനം ഒരു വർഷമായി അനെർട്ട് നടത്തിവരുന്നതായും സമിതി വ്യക്തമാക്കി.

8. നിലവിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പണി ഒരു കൺസർവേഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ചെയ്യുന്നതെന്ന വസ്തുത സമിതി വ്യക്തമാക്കി.

9. 2013 മുതൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്തുകൾക്ക് സബ്സിഡി കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടെന്നും ഇ.എം.സി. മുഖാന്തിരം സർക്കാർ സ്ഥാപനങ്ങളിൽ ഈ സംവിധാനം നടപ്പിൽ വരുത്തുന്നതിന് അധിക തുക വകയിരുത്തുന്നതാണെന്നും സമിതി വിശദമാക്കി.

**ഊർജ്ജ മേഖലയിലെ അടിസ്ഥാന പഠനം**

10. ഊർജ്ജ ദൗർലഭ്യം മനസ്സിലാക്കുകയെന്ന ലക്ഷ്യത്തോടുകൂടി അനെർട്ട് ആരംഭിച്ച വൈദ്യുതീകരിക്കാത്ത വീടുകൾ കണ്ടെത്തുന്നതിനുള്ള സർവ്വേ ഒരു പരിധിവരെ പൂർത്തിയായതായി സമിതിക്ക് ബോധ്യപ്പെട്ടു. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി പ്രകാരം 114 കോടി രൂപ വടക്കൻ ജില്ലകൾക്കും 89 കോടി രൂപ തെക്കൻ ജില്ലകൾക്കും ലഭ്യമായാൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ബി.പി.എൽ. കുടുംബങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്താൻ കഴിയുമെന്നും സമിതി മനസ്സിലാക്കി. തൃശ്ശൂർ മുതൽ തെക്കോട്ടുള്ള ജില്ലകളിൽ കോൺട്രാക്ടർമാരില്ലാതെ ഡിപ്പാർട്ട്മെന്റ് വർക്കായി കെ.എസ്.ഇ.ബി. നേരിട്ട് പണി തുടങ്ങുന്നതിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റിൽ നിന്നും വാങ്ങിയതായും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും സമിതി വിശദമാക്കി. കൂടാതെ തെരഞ്ഞെടുത്ത

വീടുകളിലെ അന്തിമ ഊർജ്ജ ഉപഭോഗ സർവ്വേ പൂർത്തിയാക്കിയതായും പവർലൈൻ മാപ്പിംഗിന്റെ പ്രവർത്തനം ഏകദേശം പൂർത്തിയാക്കിയതായും സമിതിക്ക് ബോധ്യപ്പെട്ടു. വൈദ്യുതീകരിക്കാത്ത വീടുകൾ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തിയ വോളന്റിയർമാർക്ക് പ്രതിഫലം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## സമിതി ശിപാർശയിന്മേൽ ഊർജ്ജ വകുപ്പ് സ്വീകരിച്ച നടപടി

11. 2007-08, 2008-09 എന്നീ വർഷങ്ങളിൽ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 454 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനെർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 416 പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്ത വീടുകൾ കണ്ടെത്തുവാനുള്ള അനിവാര്യ സർവ്വേ പഞ്ചായത്തുതല സന്നദ്ധ പ്രവർത്തകരുടെ സഹകരണത്തോടെയും 17 പഞ്ചായത്തുകളിൽ എൻ.എസ്.എസ്. വോളന്റിയർമാർ വഴിയുമാണ് നടത്തുന്നത്. എന്നാൽ 14 പഞ്ചായത്തുകളിൽ ഈ സർവ്വേ പൂർത്തീകരിച്ചിട്ടില്ല. കൂടാതെ സർവ്വേ പൂർത്തീകരിച്ച 7 പഞ്ചായത്തുകളിൽ നിന്നും വേതനത്തിനുള്ള അപേക്ഷ ഇന്നേവരെ അനെർട്ടിൽ ലഭിച്ചിട്ടില്ല. സർവ്വേ നടത്തിയതിനുള്ള പ്രതിഫലത്തിനായി അപേക്ഷകർ ടി പഞ്ചായത്തുകളിൽ നിന്നും വരുന്ന മുറയ്ക്ക് അനെർട്ടിൽ നിന്നും പ്രതിഫലം ലഭിക്കുന്നതാണ്. സർവ്വേക്കായി പ്രതിഫലം കൊടുത്ത ജില്ലാതല പട്ടിക (അനുബന്ധം 1) ആയി ചേർത്തിരിക്കുന്നു.

**ഐ.ടി.ഐ.കളുടെ നവീകരണം**

12. 2012-13 സാമ്പത്തികവർഷം ഐ.ടി.ഐ. മേഖലയിൽ അനവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചുവെന്നും കൂടാതെ എല്ലാ ഐ.ടി.ഐ.കളിലും തയ്യാറാക്കിയിട്ടുള്ള വെർച്വൽ ക്ലാസ് മുറികൾ വളരെ ഫലപ്രദമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതായും 22 ഐ.ടി.ഐ.കൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നതായും സമിതി മനസ്സിലാക്കി.

13. കഴിഞ്ഞവർഷം ഭരണാനുമതി ലഭിക്കാൻ വൈകിയതുകൊണ്ടും സോർട്ട് ചെയ്ത യന്ത്രസജ്ജീകരണങ്ങൾ എത്താത്തതുകൊണ്ടും ഐ.ടി.ഐ.കളുടെ നവീകരണത്തിനായി അനുവദിച്ച തുകയുടെ 25% മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളുവെന്നും എന്നാൽ ഈ സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ഏകദേശം 35 ശതമാനത്തോളം ചെലവഴിക്കാൻ കഴിഞ്ഞതായും സമിതി മുമ്പാകെ വെളിപ്പെടുത്തി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച 38 ഐ.ടി.ഐ.കളുടെ സൗകര്യങ്ങൾ പൂർത്തീകരിക്കാത്തതുകൊണ്ടാണ് പുതിയ ഐ.ടി.ഐ.കൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാത്തതെന്നും അവയുടെ സൗകര്യങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ ഐ.ടി.ഐ.കൾ അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും സമിതിയെ അറിയിക്കുകയുണ്ടായി.

14. പല സ്വകാര്യ ഐ.ടി.ഐ.കളെയും അപേക്ഷിച്ച് സർക്കാർ ഐ.ടി.ഐ.കളുടെ വിജയശതമാനം ഗണ്യമായി വർദ്ധിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കി. പ്രൈവറ്റ്-ഗവൺമെന്റ് വ്യത്യാസമില്ലാതെ 20 ശതമാനത്തിൽ താഴെ വിജയശതമാനമുള്ള എല്ലാ ഐ.ടി.ഐ.കളുടെയും അംഗീകാരം പിൻവലിക്കുമെന്നൊരു അറിയിപ്പ് എല്ലാ ഐ.ടി.ഐ.കൾക്കും കൊടുത്തിരിക്കുന്നതായുള്ള വസ്തുതയും സമിതി മുമ്പാകെ വ്യക്തമാക്കി. എസ്.സി./എസ്.ടി വകുപ്പ് നടത്തുന്ന 44 ഐ.ടി.ഐ.കളുടെ നിലവാരം മോശമായതിനാൽ എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഐ.ടി.ഐ.കളിൽ 10-20 ശതമാനം സീറ്റുകൾ ജനറൽ കാറ്റഗറിയിലേക്കും ബാക്കിയുള്ള 80 ശതമാനം സീറ്റുകൾ എസ്.സി./എസ്.ടി. വിഭാഗക്കാർക്കുവേണ്ടിയും മാറ്റിവച്ചുകൊണ്ട് എല്ലാ ഐ.ടി.ഐ.കളേയും തൊഴിൽ വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിന് എസ്.സി/എസ്.ടി. വകുപ്പുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## സമിതിയുടെ ശിപാർശയിന്മേൽ തൊഴിലും പുനരധിവാസവും വകുപ്പ് സ്വീകരിച്ച നടപടി

15. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.കൾ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ബഹു. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി, ബഹു. പട്ടികജാതി വികസന വകുപ്പുമന്ത്രി, ബഹു. പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി 25-6-2013-ൽ നടത്തിയ ചർച്ചയിൽ, വ്യാവസായിക പരിശീലന വകുപ്പിന്റെ പൂർണ്ണ പിന്തുണയോടുകൂടി പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.കൾ പട്ടികജാതി വികസന വകുപ്പിന്റെതന്നെ ഫണ്ടുപയോഗിച്ച് മെച്ചപ്പെടുത്തുവാനും ഇതിന്റെ ആദ്യപടിയായി വ്യാവസായിക പരിശീലനവകുപ്പുമായി യോജിച്ചുള്ള പ്രവർത്തനത്തിന് പട്ടികജാതി വികസന വകുപ്പിന്റെ 10 ഐ.ടി.ഐ.കളെ തെരഞ്ഞെടുക്കുവാനും കൂടുതൽ കാര്യങ്ങൾ പട്ടികജാതി വികസന വകുപ്പുതലത്തിൽ തീരുമാനിക്കാമെന്നും പട്ടികജാതി വികസന വകുപ്പുമന്ത്രി അറിയിച്ചു.

16. അതുപോലെ തന്നെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ആകെയുള്ള 2 ഐ.ടി.ഐ.കൾ വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുനൽകുന്നതിന് തടസ്സമില്ലായെന്ന് ബഹു. പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും, ഈ വിഷയത്തിൽ നടപടി സ്വീകരിച്ചുകൊണ്ട് 11-11-2013-ലെ സ.ഉ. (എംഎസ്.) 139/2013/തൊഴിൽ നമ്പർ

ഉത്തരവ് പുറപ്പെടുവിച്ചത് (അനുബന്ധം 2) ആയി ചേർത്തിരിക്കുന്നു. ആയതിൻ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള രണ്ട് ഐ.ടി.ഐ.കളെ വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുത്തുവെങ്കിലും, ടി ഐ.ടി.ഐ.കളുടെ സ്ഥാവര ജംഗമ സ്വത്തുക്കൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ തന്നെ നിലനിർത്തിക്കൊണ്ട് ടി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ഐ.ടി.ഐ. കളുടെ ഭരണ/പരിശീലന പ്രവർത്തനങ്ങൾ വ്യാവസായിക പരിശീലന വകുപ്പ് നടത്തണമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഉത്തരവ് പുതുക്കി 7-6-2014-ലെ ജി.ഒ. (എംഎസ്.) 64/2014/തൊഴിൽ നമ്പർ പുറപ്പെടുവിച്ചു (അനുബന്ധം 3).

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

17. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് സഹായമായി നൽകുന്ന പ്രീമിയം തുക ഈ വർഷം 1,100 രൂപയാക്കി നിശ്ചയിച്ചിരിക്കുന്ന വസ്തുത സമിതി വ്യക്തമാക്കി.

ആര്യാടൻ മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി VII.*

തിരുവനന്തപുരം,
2015 മേയ് 19.

അനുബന്ധം 1

MANDATORY SURVEY PAYMENT STATUS

| Districts | Survey Completed payment made through LSG | Survey Completed Payment made through NSS | Survey Not Completed | Survey Completed Honorarium Not Paid | Grand Total |
|---|---|---|---|---|---|
| Alappuzha | 22 | | | | 22 |
| Ernakulam | 46 | 6 | | | 52 |
| Idukki | 12 | | 2 | 5 | 19 |
| Kannur | 53 | | | | 53 |
| Kasaragode | 20 | | 3 | 1 | 24 |
| Kollam | 33 | 7 | | | 40 |
| Kottayam | 22 | | | | 22 |
| Kozhikkode | 24 | | 2 | | 26 |
| Malappuram | 29 | | 1 | | 30 |
| Palakkad | 48 | 4 | 1 | | 53 |
| Pathanamthitta | 34 | | 1 | | 35 |
| Thiruvanantha-puram | 15 | | 1 | | 16 |
| Thrissur | 32 | | 3 | 1 | 36 |
| Wayanad | 26 | | | | 26 |
| **Grand Total** | **416** | **17** | **14** | **7** | **454** |

അനുബന്ധം 2

GOVERNMENT OF KERALA

**Abstract**

LABOUR & REHABILITATION DEPARTMENT—INDUSTRIAL TRAINING DEPARTMENT—TAKING OVER OF TWO (2) ITI'S FUNCTIONING UNDER THE SCHEDULED TRIBE DEVELOPMENT DEPARTMENT BY THE INDUSTRIAL TRAINING DEPARTMENT—ORDERS ISSUED

LABOUR & REHABILITATION (C) DEPARTMENT

G.O. (Ms.) No. 139/2013/LBR. *Dated, Thiruvananthapuram, 11th November, 2013.*

*Read*:—1. Letter No. 304/Sub.C.C1/12/Legn. dated 13-3-2013 from Secretary, Legislature Secretariat, Kerala.

2. Minutes of the meeting held by the Hon'ble Minister for Labour and Rehabilitation on 25-6-2013.

3. Letter No. 11/10491/2013 dated 26-7-2013 of the Director of Training.

ORDER

The Secretary, Kerala Legislature Secretariat as per reference (1) read above, informed the Government, the recommendation of the Subject Committee VII (Electricity, Labour and Labour Welfare), that the ITI's working under the SC/ST Development Departments should be brought under the Industrial Training Department, considering the poor condition of these ITI's.

2. In the circumstance, a meeting was convened under the Chairmanship of Hon'ble Minister for Labour and Rehabilitation with the Hon'ble Ministers for SC Development and ST Development to explore the possibility of bringing the ITI's of SC/ST Development Department under the control of the Labour Department. In the meeting held on 25-6-2013, the Scheduled Tribe Development Department fully agreed to the proposal of taking over of the two (2) ITI's working under that Department by Industrial Training Department.

3. The Director of Training as per the letter read as 3rd paper above sought necessary orders for taking over the two ITI's, i.e., ITI, Kuttamala in Thiruvananthapuram District, and ITI, Nadukani in Idukki District now under the Scheduled Tribe Development Department by the Industrial Training Department. Government examined the proposal submitted by the Director of Training in detail, and are pleased to order the taking over of the two ITI's (i.e., ITI, Kuttamala in Thiruvananthapuram District and ITI, Nadukani in Idukki District) by the Industrial Training Department from the control of Scheduled Tribe Development Department.

4. The Director of Training should take further steps to approach the Revenue Department to get the land and building of these two ITI's, in possession of the Industrial Training Department.

By order of the Governor,

S. Giri Prem Anand,
*Additional Secretary to Government.*

To

The Director of Training, Thiruvananthapuram

The Director, Scheduled Tribe Development Department, Thiruvananthapuram

The Scheduled Tribe Development Department (vide U.O. No. 13196/E2/13/ SC ST Devp. Dept.)

The Secretary, Kerala Legislature Secretariat, Thiruvananthapuram (with covering letter)

The Stock File/Office Copy.

അനുബന്ധം 3

GOVERNMENT OF KERALA

**Abstract**

LABOUR AND REHABILITATION DEPARTMENT—INDUSTRIAL TRAINING DEPARTMENT—TAKING OVER OF TWO (2) ITI'S FUNCTIONING UNDER THE SCHEDULED TRIBE DEVELOPMENT DEPARTMENT BY THE INDUSTRIAL TRAINING DEPARTMENT—AMENDED ORDERS ISSUED

LABOUR AND REHABILITATION (C) DEPARTMENT

G.O. (Ms.) No. 64/2014/LBR. *Dated, Thiruvananthapuram, 7th June, 2014.*

*Read*:—1. Letter No. 304/Sub.CC1/12/Legn. dated 13-3-2013 from Secretary, Legislature Secretariat, Kerala.

2. Minutes of the meeting held by the Hon'ble Minister for Labour and Rehabilitation on 25-6-2013.

3. Letter No. 1(1)/10491/2013 dated 26-7-2013 of the Director of Training, Thiruvananthapuram.

4. G.O. (Ms.) No. 139/2013/LBR. dated 11-11-2013.

5. Letter No. 1(1)/10491/2013 dated 26-2-2014 of the Director of Training, Thiruvananthapuram.

ORDER

As per the recommendations of the Subject Committee VII (Electricity, Labour and Labour Welfare) read as 1st paper above and the decision taken at the meeting convened under the Chairmanship of Hon'ble Minister of Labour and Rehabilitation with the Hon'ble Ministers for SC Development and ST Development read as 2nd paper above, the Director of Training vide letter read as 3rd paper above sought necessary orders for taking over the two ITIs, i.e., ITI, Kuttamala in Thiruvananthapuram District, and ITI, Nadukani in Idukki District (under the Scheduled Tribe Development Department) by the Industrial Training Department. Government examined the proposal submitted by the Director of Training in detail and accorded sanction to take over the ITIs along with the land and building as per the order read as 4th paper above.

2 Now the Director of Training as per the letter read as 5th paper above has stated that in the meeting held on 13-2-2014 by Hon'ble Minister (Labour) there was a suggestion to retain the ownership of the movables and immovables of the above mentioned two ITIs under the Scheduled Tribe Development Department itself and the Industrial Training Department taking over the training and administrative activities of these two ITIs. Therefore the Director of Training proposed to amend the said G.O. by keeping the immovable/movable properties of the above mentioned ITIs under the Scheduled Tribe Development Department itself while the Industrial Training Department taking over the administrative and training activities of the said ITIs by utilising the fund of the Scheduled Tribe Development Department.

3. Government examined the proposal of Director of Training in detail and are pleased to order the taking over of administrative and training activities of the two ITIs (i.e., ITI, Kuttamala in Thiruvananthapuram District, and ITI, Nadukani in Idukki District) by the Industrial Training Department by utilising the fund of Scheduled Tribe Development Department while keeping the immovable/movable properties of the said ITIs under the ownership of Scheduled Tribe Development Department itself. The Government Order 4th cited stands amended to this extent.

By order of the Governor,

S. Giri Prem Anand,
*Additional Secretary to Government.*

To

The Secretary, Kerala Legislature Secretariat, Thiruvananthapuram (with covering letter)

The Director of Training, Thiruvananthapuram

The Director, Scheduled Tribe Development (vide U.O. No. 13196/E2/13/ SC ST Devp. Dept.

The Information & Public Relations Department (for hosting in the website)

The Stock File/Office Copy.